# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2550 19.03.2015 - ൽ മറുപടിക്ക്

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് നിലവിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. കുരട്ടിശ്ശേരിയിലേക്കും സമീപ വില്ലേജുകൾക്കുമുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - അടങ്കൽ തുക 234.46 ലക്ഷം രൂപ
2. മുളക്കുഴ വെൺമണി പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി ( അടങ്കൽ തുക - 950 ലക്ഷം രൂപ)
3. ആല, പുലിയൂർ, ബുധന്നൂർ പഞ്ചായത്തുകളിലേക്കുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 1500 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇതിനാവശ്യമായ സ്ഥലവും ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

കൂടാതെ മുളക്കുഴ വെൺമണി പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാംഘട്ടം പ്രവർത്തനങ്ങൾക്ക് വകുപ്പുതലത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടിരുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ പാണ്ടവൻപാറ, നൂറ്റവൻ പാറ എന്നീ സ്ഥലങ്ങളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. പാണ്ടവൻപാറയ്ക്കു വേണ്ടി 187 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം പ്രോജക്ടിൽ ഉൾപ്പെടുത്തി കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; പുതിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (സി) | ചെങ്ങന്നൂർ നഗരകുടിവെള്ള പദ്ധതിയും വിപുലീകരണ പദ്ധതിയും, പാണ്ടവൻപാറ, ചെറിയനാട്, പാണ്ടനാട്, നൂറ്റവൻപാറ എന്നീ ഗ്രാമീണ കുടിവെള്ള പദ്ധതികളും മുഖേനയാണ് നിലവിൽ കുടിവെള്ളവിതരണം നടത്തുന്നത്. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.<br><br>1. കുരട്ടിശ്ശേരിയിലേയ്ക്കും സമീപ വില്ലേജുകളിലേക്കുമുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.<br>2. മുളക്കുഴ വെൺമണി പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടം.<br>3. ആല, പുലിയൂർ, ബുധന്നൂർ പഞ്ചായത്തുകളിലേക്കുള്ള ദേശീയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടം.<br><br>കൂടാതെ മുളക്കുഴ വെൺമണി പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഘട്ടം 2 പദ്ധതിക്ക് വകുപ്പുതലത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നിലവിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തു കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ; ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഡി) | 1. കുരട്ടിശ്ശേരിയിലേക്കും സമീപ വില്ലേജുകളിലേക്കുമുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 6 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് |

ലക്ഷ്യമിട്ടിരിക്കുന്നത്.

2. മുളക്കുഴ വെൺമണി പഞ്ചായത്തുകളിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - 2 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

3. ആല, പുലിയൂർ, ബുധന്നൂർ പഞ്ചായത്തുകളിലേക്കുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - 3 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ